## (12) പ്ലസ് ടു സ്കൂളുകളിൽ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർമാരെ പ്രിൻസിപ്പൽമാരായി നിയമിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. പ്രകാശ് ബാബു : സർ, ഹൈസ്കൂളുകളെ പ്ലസ് ടു സ്കൂളുകളായി ഉയർത്തിയപ്പോൾ നിലവിലുള്ള ഹെഡ്മാസ്റ്റർമാരെ പ്രിൻസിപ്പൽമാരായി നിയമിക്കുകയാണ് ചെയ്തുകൊണ്ടിരുന്നത്. എന്നാൽ ഹയർ സെക്കന്ററിക്ക് വേണ്ടി ഇപ്പോൾ പുറത്തിറക്കിയ ഡ്രാഫ്റ്റ് റൂൾസിൽ പ്ലസ് ടുവിൽ അഞ്ച് വർഷത്തെ പരിചയം ആണ് പ്രിൻസിപ്പൽമാരായി നിയമിക്കുന്നതിന് പറഞ്ഞിരിക്കുന്നത്. അത് നിലവിലുള്ള ഹെഡ്മാസ്റ്റർമാരെ വളരെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ്. നിലവിലുള്ള പ്രിൻസിപ്പൽമാരെ യാതൊരു കാരണവശാലും റിവേർട്ട് ചെയ്യാൻ ഇടയാകരുതെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ ആവശ്യപ്പെടുകയാണ്. പ്ലസ് ടുവിലെ പരിചയം എന്നതിന് പകരം ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്ററായി അഞ്ച് വർഷത്തെ പരിചയം എന്നാക്കിയാലും വേണ്ടില്ല. നിലവിലുള്ള ആളുകളെ ദോഷകരമായി ബാധിക്കുന്ന തീരുമാനത്തിൽ പുനഃപരിശോധന വേണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട പ്രകാശ് ബാബു ഈ വിഷയം കൊണ്ടുവന്നിരിക്കുന്നു. അതുകൊണ്ട് ഗൗരവമായി ഈ വിഷയം ഒന്നുകൂടി ആലോചിക്കുന്നതാണ്.

## (13) കായംകുളം-ശബരിമല റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കൽ

ശ്രീ. പി. കെ. കുമാരൻ : സർ, കായംകുളം-ശബരിമല റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കണമെന്നാണ് എന്റെ ഈ സബ്മിഷനിലൂടെ ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നത്. കായംകുളം, ചെട്ടിക്കുളങ്ങര, മാവേലിക്കര, മാങ്കാക്കുഴി, പന്തളം, കൈപ്പട്ടൂർ, പത്തനംതിട്ട, വടശ്ശേരിക്കര വഴി ശബരിമലയിൽ എത്തുന്ന ഈ റോഡിൽ കായംകുളം മുതൽ പത്തനംതിട്ട വരെയുള്ള പലഭാഗത്തും വീതി വളരെ കുറവാണ്. കായംകുളം മുതൽ ശബരിമല വരെയുള്ള റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിച്ച് റോഡിന്റെ സംരക്ഷണ വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ. ജി. സുധാകരൻ, മാവേലിക്കര എം.എൽ.എ., എം. മുരളി, പന്തളം എം.എൽ.എ. ആയ ഞാൻ, പത്തനംതിട്ട എം.എൽ.എ. കെ.കെ. നായർ, റാന്നി എം.എൽ.എ., രാജു എബ്രഹാം. എന്നിവർ ഒരുമിച്ച് ചേർന്ന് ഒരു മെമ്മോറാണ്ടം കൊടുത്തിട്ടുള്ളതാണ്. അന്ന് അത് പരിഹരിക്കാം എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുമാണ്. എന്നാൽ അതിന്മേൽ തുടർ നടപടികൾ വേണ്ടത്ര ഉണ്ടായില്ല. ആയതിനാൽ പ്രസ്തുത റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷണ വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly